36 (3488) സി-ഡിറ്റിന്റെ ഗസ്റ്റ് ഹൗസിലെ ചെലവുകൾ

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും ഗ്രാമ വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജവഹർ നഗറിൽ സ്ഥിതിചെയ്യുന്ന സി-ഡിറ്റിന്റെ ഗസ്റ്റ് ഹൗസിലെ കഴിഞ്ഞ രണ്ട് വർഷത്തെ ചെലവുകൾ വെളിപ്പെടുത്തുമോ?

ഉത്തരം

സി-ഡിറ്റിലെ ഗസ്റ്റ് ഹൗസിലെ ചെലവുകൾ.

1997-98: വാടക	-	72,000/-
ഓഫീസ് ചെലവുകൾ	-	88,500/-
		1,60,500/-
1998-99:		
വാടക	-	72,000/-
ഓഫീസ് ചെലവുകൾ	-	67,489/-
		1,39,489/-

37 (3490) സാംസ്കാരിക നയം

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ 1999 മേയ് 26-ാം തീയതി പുറപ്പെടുവിച്ച സാംസ്കാരിക നയത്തിലെ പ്രധാനപ്പെട്ട നയങ്ങൾ എന്തെല്ലാമാണ്;

(ബി) മുൻ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് പുറപ്പെടുവിച്ച സാംസ്കാരിക നയത്തിലെ പ്രധാനപ്പെട്ട നയങ്ങൾ എന്തെല്ലാം ആയിരുന്നു;

(സി) ഈ രണ്ട് നയങ്ങളും തമ്മിലുള്ള പ്രധാനപ്പെട്ട വ്യത്യാസങ്ങൾ എന്തെല്ലാമാണ്;

(ഡി) എത്ര വർഷത്തിനുശേഷം നയം പുതുക്കി പ്രഖ്യാപിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)(ബി)&(സി) രണ്ട് സാംസ്കാരിക നയത്തിന്റെയും പകർപ്പ് അനുബന്ധമായി വയ്ക്കുന്നു.†

(ഡി) ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

38 (3491) സാംസ്കാരിക വകുപ്പിൻകീഴിൽ 'വിതരണ സ്ഥാപനം' തുടങ്ങുവാൻ നടപടി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly